(ഡി) 6 മാസം.

(ഇ) ഇല്ല.

(എഫ്) ചോദ്യം ബാധകമല്ല.

സഹകരണ സംഘങ്ങളിലെ പ്രസിഡന്റുമാരുടെ ഓണറേറിയം

154 [3680] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ പ്രസിഡന്റുമാരുടെ നിലവിലുള്ള ഓണറേറിയം, ഡയറക്ടർമാരുടെ സിറ്റിംഗ് ഫീസ് എന്നിവ എത്ര വീതമാണെന്നും ഇത് എന്നുമുതലാണ് പ്രാബല്യത്തിലായതെന്നും വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ പ്രസിഡന്റുമാരുടെ നിലവിലുള്ള ഓണറേറിയം, ഡയറക്ടർമാരുടെ സിറ്റിംഗ് ഫീസ് എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന† സർക്കുലർ നമ്പർ 1/2005-ൽ പ്രതിപാദിച്ചിട്ടുണ്ട്. ടി സർക്കുലറിന് 1-1-2005 മുതൽ പ്രാബല്യമുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം

155 [3681] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ ലാഭം/നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ബാങ്കിന്റെ കഴിഞ്ഞ മൂന്നു വർഷത്തെ കൊടുക്കൽ വാങ്ങൽ എത്രയാണ്;

(സി) ബാങ്കിന് ഇപ്പോൾ എന്ത് തുക പിരിഞ്ഞു കിട്ടാനുണ്ട്;

(ഡി) കുടിശ്ശിക എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ?

---

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ ലാഭം ചുവടെ ചേർക്കുന്നു:

2001-2002-ൽ 71.19 ലക്ഷം രൂപ.

2002-2003-ൽ 612.05 ലക്ഷം രൂപ.

2003-2004-ൽ 505.26 ലക്ഷം രൂപ.

(ബി) കഴിഞ്ഞ മൂന്നു വർഷത്തെ കൊടുക്കൽ വാങ്ങൽ തുക (ലക്ഷത്തിൽ) ചുവടെ ചേർക്കുന്നു:

വർഷം	വായ്പ കൊടുക്കൽ	തിരിച്ചടവ്
2001-2002	1,12,510.33	1,07,798.86
2002-2003	1,26,032.05	1,24,961.56
2003-2004	1,25,808.54	1,37,771.75

(സി) 2003-2004 വർഷത്തെ കണക്ക് പ്രകാരം 1,11,749.88 ലക്ഷം രൂപ പിരിഞ്ഞ് കിട്ടാനുണ്ട്.

(ഡി) 2003-2004 വർഷത്തെ കണക്ക് പ്രകാരം 12,601.52 ലക്ഷം രൂപ കുടിശ്ശികയുണ്ട്.

ന്യൂ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ആക്ട്

156 [3682] *ശ്രീ. സി. കെ. നാണു*:

„ *കെ. പി. മോഹനൻ*:

„ *എ. സി. ഷൺമുഖദാസ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-ൽ കേന്ദ്രം പാസ്സാക്കി നടപ്പിലാക്കിയ ന്യൂ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ആക്ട് കേരളത്തിന് ബാധകമാണോ;

(ബി) പ്രസ്തുത ആക്ടിൽ സംസ്ഥാനത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന സൊസൈറ്റികൾക്ക് ഇത് ബാധകമാകുമോ എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly